## റിപ്പോർട്ട് സമർപ്പണം

### സബ്ജക്ട് കമ്മിറ്റി VIII-ന്റെ 'കാരുണ്യ ബെനവലന്റ് ഫണ്ട്' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ നിയമസഭാചട്ടം 235 (എ) പ്രകാരം ചർച്ചചെയ്ത 'കാരുണ്യ ബെനവലന്റ് ഫണ്ട്' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

### പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തി അഞ്ച് മുതൽ എൺപത്തി എട്ട് വരെ റിപ്പോർട്ടുകൾ

ഡോ. ടി. എം. തോമസ് ഐസക്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എഴുപത്തി അഞ്ച് മുതൽ എൺപത്തി എട്ട് വരെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ചാമതും പതിനാറാമതും റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമതും പതിനാറാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

**മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്**

ശ്രീ. ജോസ് തെറ്റയിൽ: സർ, മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ടായ സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്**

ശ്രീ. മോൻസ് ജോസഫ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

**പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമതും പത്താമതും റിപ്പോർട്ടുകൾ**

ശ്രീ. സി. മമ്മൂട്ടി: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമതും പത്താമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.